VI. സബ്മിഷൻ

(1) ഇടുക്കിയിലെ തങ്കമണിയിൽ പോലീസ് വെടിവയ്പിനെത്തുടർന്നുള്ള കേസ്സുകൾ പിൻവലിക്കേണ്ടതു സംബന്ധിച്ച്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ തങ്കമണി എന്ന കുടിയേറ്റ ഗ്രാമത്തിലെ മുഴുവൻ ജനങ്ങളേയും ഇന്നും ദുഃഖത്തിലാഴ്ത്തുന്ന ഒരു പ്രശ്നമാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. യു.ഡി.എഫിന്റെ ഭരണകാലത്താണ് 1986 ഒക്ടോബർ 22-ാം തീയതി വൈകുന്നേരം തങ്കമണിയിലുണ്ടായ പോലീസ് വെടിവയ്പിൽ കോഴിമല അവറാച്ചൻ കൊല്ലപ്പെടുകയും മാത്യു എന്നയാളിന്റെ കാൽ വെടിയേറ്റു തകരുകയും ചെയ്തത്. പാതിരാത്രിയിൽ പോലീസ് വീടുകളിൽ കടന്നുകയറി നിരപരാധികളെ കടന്നാക്രമിക്കുകയും സ്ത്രീകളെ അപമാനിക്കുകയുമുണ്ടായി. ഒരു പ്രൈവറ്റ് ബസ് (തങ്കമണിയിലുള്ള) സർവ്വീസ് നിർത്തിയതുമൂലമുണ്ടായ പ്രശ്നങ്ങളാണ് എല്ലാറ്റിനും തുടക്കം. പോലീസ് നടത്തിയ നരനായാട്ടിനുശേഷം നിരപരാധികളായ നാട്ടുകാർക്കെതിരെ കേസ്സെടുക്കുകയുണ്ടായി. ബസ്സുകാരെ ആക്രമിച്ചു എന്നാരോപിച്ച് പത്തുപേർക്കെതിരെയും പോലീസുകാരെ ആക്രമിച്ചു എന്നാരോപിച്ച് 35 പേർക്കെതിരെയും അന്നു കേസ്സെടുക്കുകയുണ്ടായി. അന്ന് പ്രതിപക്ഷനേതാവായിരുന്ന അന്നത്തെ മുഖ്യമന്ത്രിയുൾപ്പെടെയുള്ള നേതാക്കൻമാർ തങ്കമണിയിലെത്തുകയും ആ നാട്ടുകാരെ സമാശ്വസിപ്പിക്കുകയും ചെയ്തതാണ്. 1987-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ഈ കേസ്സുകൾ പിൻവലിക്കാമെന്നു ഉറപ്പുനൽകിയിരുന്നതാണ്. ഡിസംബർ 30-ാം തീയതിയും ഫെബ്രുവരി 1-ാം തീയതിയും ഹാജരാകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇപ്പോൾ 45 പേർക്ക് കോടതിയിൽ നിന്ന് സമൻസ് വന്നിരിക്കുകയാണ്. ആ ഗ്രാമത്തെയാകെ വേദനയിലാഴ്ത്തിയ ഇന്നും നടുക്കത്തോടെമാത്രം ആ ഗ്രാമവാസികൾക്ക് ഓർക്കാൻ കഴിയുന്നതാണ് തങ്കമണി സംഭവം. നമ്മുടെ സംസ്ഥാനത്തൊട്ടാകെ നിരപരാധികളായിട്ടുള്ള ആളുകളുടെമേൽ പോലീസുകാർ നടത്തിയ നരനായാട്ട് ഇന്നും മറക്കാതെ ഓർമ്മയിൽ നൽക്കുകയാണ്. 1987-ലെ തെരഞ്ഞെടുപ്പിൽ വളരെയേറെ ചർച്ചചെയ്യപ്പെട്ട ഒരു പ്രശ്നമായിരുന്നു ഇത്. ഗവൺമെന്റ് ഈ പ്രശ്നത്തിന്റെ മാനുഷിക വശം പരിഗണിച്ചുകൊണ്ട് ഒരു പതിറ്റാണ്ടുമുമ്പ്, ഒരു വ്യാഴവട്ടക്കാലത്തിനു മുമ്പ് തകർക്കപ്പെട്ട, ആ ഗ്രാമത്തിൽ ഇന്നും കണ്ണീരോടുകൂടി കഴിയുന്ന, ആ തകർച്ചയിൽനിന്നും ഇനിയും മോചനം നേടാൻ കഴിഞ്ഞിട്ടില്ലാത്ത ആ ഗ്രാമവാസികളെ ഇനിയും പീഡിപ്പിക്കുന്ന അവസ്ഥയിൽനിന്നും അവരെ സംരക്ഷിക്കണം. അവരുടെ പേരിലെടുത്തിട്ടുള്ള ഈ കള്ളക്കേസ്സുകൾ പിൻവലിക്കുന്നതിന് നടപടികളുണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഇടുക്കി ജില്ലയിലെ കാമാക്ഷി പഞ്ചായത്തിലെ തങ്കമണി നിവാസികൾക്കെതിരെ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിരുന്നു. 1986 ഒക്ടോബർ 21-ന് മുപ്പതോളം ആളുകൾ ഒരു പ്രൈവറ്റ് ബസ് തടഞ്ഞുനിർത്തി ഡ്രൈവറേയും കണ്ടക്ടറേയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതിന് ക്രൈം 270/86-ാം നമ്പരായി കട്ടപ്പന പോലീസ് സ്റ്റേഷൻ രജിസ്റ്റർ ചെയ്ത കേസ്സും 22.10.1986-ന് വൈകുന്നേരം തങ്കമണി കുരിശുകവല ഭാഗത്ത് പബ്ലിക് റോഡിൽവച്ച് ആയിരത്തിലധികം ആളുകൾ ചേർന്ന് ഒരു ബസ്സിന് 50,000 രൂപയുടെ നാശനഷ്ടങ്ങൾ വരുത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

പോലീസിനെ ആക്രമിക്കുകയും പോലീസ് വാഹനത്തിന് കേടുപാടുകൾ വരുത്തുകയും നാടൻ തോക്കുപയോഗിച്ച് വെടിവയ്ക്കുകയും ചെയ്തതിനോടനുബന്ധിച്ച് കട്ടപ്പന പോലീസ് സ്റ്റേഷനിൽ ക്രൈം 271/86-ാം നമ്പരായി രജിസ്റ്റർ ചെയ്ത കേസ്സുമാണ് അവ. ഈ രണ്ട് കേസ്സുകളും ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി കോടതികളിൽ ചാർജ്ഷീറ്റ് നൽകിയിട്ടുണ്ട്. കേസ്സുകൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി.പി. സുലൈമാൻ റാവുത്തർ എം.എൽ.എ. ഹർജി സമർപ്പിച്ചിരുന്നു. അത് പരിശോധിച്ചുവരികയാണ്.

(2) ശ്രീ. കെ.സി. വേണുഗോപാൽ, എം.എൽ.എ.യ്ക്ക് നേരേയുണ്ടായ പോലീസ് മർദ്ദനത്തെക്കുറിച്ചുള്ള കേസ്സ് അന്വേഷണം

ശ്രീ. ജി. കാർത്തികേയൻ : സർ, ഒരു ഗവൺമെന്റിന് എങ്ങനെ നിഷ്ക്രിയവും പക്ഷപാതപരവുമായി പ്രവർത്തിക്കാമെന്നുള്ളതിന് ഏറ്റവും വലിയ ഉദാഹരണമാണിത്. പുതിയ സഹസ്രാബ്ദത്തിന് വരവേൽപ്പുനൽകിക്കൊണ്ട് തീർച്ചയായും ഹൃദയസ്പൃക്കായ, അതേസമയം എല്ലാ തലങ്ങളിലേയ്ക്കും ഇറങ്ങിച്ചെല്ലുന്ന അങ്ങയുടെ ആശംസാ സന്ദേശം ശ്രദ്ധാപൂർവ്വം ഞങ്ങൾ കേൾക്കുകയായിരുന്നു. ഈ സഹസ്രാബ്ദം വിട്ട് അടുത്ത സഹസ്രാബ്ദത്തിലെങ്കിലും നടപടി ഉണ്ടാകണമെന്ന് സഭാനാഥനായ അങ്ങയോടും കേരളത്തിലെ മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കുന്നു. ഒരു അടിയന്തിരപ്രമേയത്തിന് തുല്യമായ സബ്മിഷനാണിത്. രണ്ടുവർഷവും മൂന്നുമാസവും 22 ദിവസവും മുമ്പ് ഈ സഭയിലെ ഒരംഗമായ ശ്രീ. കെ.സി. വേണുഗോപാൽ എം.എൽ.എ.യെ അതിക്രൂരമായി കേരളത്തിലെ ഐ.പി.എസ്. റാങ്കിലുള്ളവരുൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാർ തല്ലിച്ചതച്ച് ഒന്നരമാസം മെഡിക്കൽകോളേജ് ഹോസ്പിറ്റലിൽ കിടന്ന സംഭവവുമായി ബന്ധപ്പെട്ട ഒരു സബ്മിഷനാണിത്. കഴിഞ്ഞ 6 സമ്മേളനങ്ങളിലായി ഞങ്ങൾ ചോദ്യങ്ങൾ ചോദിച്ചു. ശ്രീ. ആര്യാടൻ മുഹമ്മദ് സബ്മിഷൻ അവതരിപ്പിച്ചു, ഞാൻ അവതരിപ്പിച്ചു, കഴിഞ്ഞ സമ്മേളനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സബ്മിഷൻ അവതരിപ്പിച്ചു. ആ സമ്മേളനത്തിൽ മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ അങ്ങു പറഞ്ഞു, ഞാൻ കേരളത്തിലെ മുഖ്യമന്ത്രിയുടെ മറുപടി മുഖവിലയ്ക്കെടുക്കുന്നു എന്ന്. 1997 സെപ്റ്റംബർ മാസം 8-ാം തീയതി ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ വ്യാപാരി-വ്യവസായി ഏകോപനസമിതിയിലെ ആളുകൾ അറസ്റ്റ് ചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ.യായ ശ്രീ. കെ.സി. വേണുഗോപാൽ പോലീസ് സ്റ്റേഷനിൽ പോയി. കൂടെ ആലപ്പുഴ മുനിസിപ്പൽ ചെയർമാനായിരുന്ന ശ്രീ. എ.എം. ഷുക്കൂറും മറ്റു സഹപ്രവർത്തകരുമുണ്ടായിരുന്നു. വിവരമന്വേഷിച്ചുചെന്ന ആലപ്പുഴയിലെ എം.എൽ.എ.യേയും മുനിസിപ്പൽ ചെയർമാൻ ശ്രീ. ഷുക്കൂറിനേയും എസ്.പി. രാജേഷ് ദിവന്റെയും അവിടുത്തെ സർക്കിൾ ഇൻസ്പെക്ടറുടേയും നേതൃത്വത്തിൽ വളരെ ക്രൂരമായി മർദ്ദിച്ചു. നിങ്ങൾക്ക് ഒരു എം.എൽ.എ. അല്ല സർക്കിൾ ഇൻസ്പെകറാണ് പ്രശ്നം. അദ്ദേഹം മൂന്നുദിവസം ആലപ്പുഴ മെഡിക്കൽ കോളേജിൽ കിടന്നു. വിദഗ്ധ ചികിത്സയ്ക്കായി ശ്രീ. കെ.സി. വേണുഗോപാൽ എം.എൽ.എ.യെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കൊണ്ടുവന്നു, അവിടെ 10 ദിവസം കിടന്നു. അതിനുശേഷം ഒരുമാസം അദ്ദേഹം വീട്ടിൽ ചികിത്സയിലായിരുന്നു. നിങ്ങൾ കേസ്സ് ക്രൈം ബ്രാഞ്ചിനുവിട്ടു. ഡി.ഐ.ജി. സെൻകുമാർ കേസ്സ് അന്വേഷണം നടത്തി. റിപ്പോർട്ടുകൊടുത്തു. വളരെയധികം സമ്മർദ്ദങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ ചരിത്രത്തിലാദ്യ

LIBRARY ARCHIVES Kerala Legislative Assembly